Lesson-12
പാഠം – 12

# യോസേഫിന്റെ സ്വപ്നം പൂർണ്ണ നിവൃത്തിയിൽ
# Joseph's dream Fulfilled

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

**നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു**
**അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു. സങ്കീ: 34:19**

'A righteous man may have many troubles,
but the Lord delivers him from them all'. Psalms 34:19

**പാഠഭാഗം: ഉല്പത്തി 42:1–35, 43**

സഹോദരന്മാർ അടിമയാക്കി വിറ്റ യോസേഫ് ദൈവകൃപയാൽ മിസ്രയിമിലെ മന്ത്രിയായപ്പോൾ, യോസേഫിന്റെ സഹോദരന്മാർ താമസിച്ചിരുന്ന കനാൻ രാജ്യത്ത് ദീർഘനാൾ മഴ പെയ്യാതിരുന്ന തിനാൽ കൃഷിയെല്ലാം നശിച്ചു. വലിയ ക്ഷാമം ഉണ്ടായി. ആളുകൾ ഭക്ഷ്യ സാധനങ്ങൾ അന്വേ ഷിച്ച് പലസ്ഥലങ്ങളിലേക്കും പോയി. ക്ഷാമം, പകർച്ചവ്യാധി ഇവയെല്ലാം ഒന്നിച്ചുവരിക സാധാ രണമാണ്. അവിടേയും ഇതെല്ലാം ഉണ്ടായിക്കാണും ആളുകളെല്ലാം തന്മൂലം വളരെ ക്ലേശിച്ചു.

മിസ്രയിമ്യ രാജാവായ ഫറവോൻ കണ്ട സ്വപ്നപ്രകാരം മിസ്രയിമിൽ ക്ഷാമം ഉണ്ടായില്ല.യോ സേഫ് അവിടുത്തെ അധിപതി ആയിരുന്നതിനാൾ അദ്ദേഹം ധാന്യം മുൻ കൂട്ടി സംഭരിച്ചു വച്ചതാ ണ്.അവ നല്ല വിലക്കു വിറ്റു ധാരാളം വരുമാനം ഉണ്ടാക്കി.യോസേഫിന്റെ പിതാവും സഹോദര ന്മാരും മിസ്രയിമിൽ ധാന്യം ഉണ്ടന്നു കേട്ടു. യാക്കോബ് പറഞ്ഞതനുസരിച്ച് മക്കൾ ചാക്കുകളും പണവുമായി യാത്രചെയ്തു മിസ്രയിമിൽ എത്തി. ധാന്യം വിൽക്കുന്ന ആളിന്റെ അടുത്തു ചെന്ന് ആവശ്യം അറിയിച്ചു.ധാന്യം വിൽക്കുന്ന ആൾ യോസേഫ് ആയിരുന്നു. സഹോദരന്മാർ അവനെ തിരിച്ചറിഞ്ഞില്ലെങ്കിലും യോസേഫിന് അവരെയെല്ലാം മനസിലായി. എങ്കിലും അറിയാത്ത മട്ടിൽ അവർ ഏതു നാട്ടുകാരാണെന്നും വീട്ടിൽ ആരൊക്കെ ഉണ്ടെന്നും അന്വേഷിച്ചു. അപ്പന്റെ കാര്യവും തന്റെ ഇളയ സഹോദരനായ ബെന്യാമിന്റെ കാര്യവുമൊക്കെ ചോദിച്ചു. എല്ലാവരും സുഖമായിരിക്കുന്നുവെന്ന് അവരിൽ നിന്നും ഗ്രഹിച്ചു. അവരുടെ ചാക്കിൽ ധാന്യം നിറച്ചുകൊടു ത്തു. അവർ വിലയായി കൊടുത്ത പണവും അവരറിയാതെ ചാക്കിൽ തന്നെ വച്ച് ചാക്കു കെട്ടി കൊടുത്തയച്ചു.

അവർ കൊണ്ടുപോയ ധാന്യം തീർന്നപ്പോൾ അവർ ധാന്യത്തിനായി ഇളയ സഹോദരനായ ബെന്യാമിനുമായി എത്തി. യോസേഫ് തന്റെ ഇളയ യഹോദരനെ കണ്ടപ്പോൾ വളരെ സന്തോഷി ച്ചു. അവർക്ക് സ്വയം വെളിപ്പെടുത്തി. നിങ്ങൾ മിസ്രയിമിലേക്ക് വിറ്റ യോസേഫ് ആണു ഞാൻ. ദൈവം എന്നെ സൂക്ഷിച്ചു. ഞാൻ ഇപ്പോൾ ഈ രാജ്യത്തെ മന്ത്രിയാണ് എന്നു പറഞ്ഞു പൊട്ടിക്ക രഞ്ഞു. അവരും കരഞ്ഞു. യോസേഫിനോട് ചെയ്ത തെറ്റിനു പകരം ചെയ്യുമെന്ന് അവർ വിചാരി ച്ചു.എന്നാൽ യോസേഫ് വളരെ സന്തോഷമായി പെരുമാറി. അവർ ഒന്നിച്ചിരുന്ന് ആഹാരം കഴി ച്ചു. അവർക്ക് വളരെ ധാന്യം കൊടുത്തു. കൂടാതെ തന്റെ പിതാവിനെകൂട്ടി കൊണ്ടു വരുവാൻ രഥ ങ്ങളും അയച്ചു.

യോസേഫിന്റെ വിവരങ്ങൾ കേൾക്കുകയും അവൻ അയച്ച രഥങ്ങൾ കാണുകയും ചെയ്തപ്പോൾ വൃദ്ധനായ യാക്കോബ് വളരെ സന്തോഷിച്ചു. രാജകീയ രഥത്തിൽ കയറി യാത്ര ചെയ്തു മിസ്ര യിമിലെത്തി. യോസേഫ് പിതാവിനെ എതിരേറ്റു. അവർ ഇരുവരും ഏറെ കരഞ്ഞു. യാക്കോബ് യോസേഫിനെയും അവന്റെ ഭാര്യയേയും മക്കളെയുമെല്ലാം കണ്ടു വളരെ സന്തോഷിച്ച് അവിടെ പാർത്തു.

**സന്ദേശം: ദൈവത്തെ സ്നേഹിക്കുന്നവർക്ക് ഭവിക്കുന്നതെന്തും കഷ്ടത്തിൽക്കൂടിയാണെ ങ്കിലും നന്മയ്ക്കായി ഭവിക്കുന്നു.**

## Reading portion – Genesis 42: 1-35 and 43

By God's grace, Joseph who was sold as a slave by his brothers, became the Minister in Egypt, Canaan, where Joseph's brothers lived had no rain for a long period and thus all vegetation was destroyed and there was great famine in the land. People went in search for food items to many places. Famine, spreading of diseases etc. often occurs together. People in Canaan too, could have experienced all this and could have been troubled.

As per Pharaoh's dream, there was no famine in Egypt and there was plenty of food. Joseph who was in charge of Egypt had stored food prior to the famine. He sold the grains and made good money. Joseph's father Jacob heard that there was food in Egypt

and he told his sons to go to Egypt to buy grains.  So his brothers went to Egypt and asked for grains. It was Joseph, who sold grains, but his brothers did not recognize him, though he recognized them.  But he pretended to be a stranger and asked them from where they were coming from and who all were at home.  He inquired about his father and his brother Benjamin and understood that all were fine.  He filled their bags with grains and put the money they paid, back in their bags.

When they finished their grains, they came to Egypt with their younger brother Benjamin to buy more. When Joseph saw his younger brother, he became very happy and revealed himself to them. He said, "I am your brother Joseph, the one you sold into Egypt! God kept me safe. Now I am the minister of Egypt".  He wept and so did his brothers.  His brothers thought he will revenge them back for their misdeeds but Joseph was very good to them. They ate together.  Then Joseph gave them grains and send chariots to bring his father to Egypt.

When Jacob heard about his son Joseph and saw the chariots he send, he was very happy. Jacob travelled to Egypt in the chariot. When Joseph met his father, they hugged each other and wept for a long time.  Jacob was so excited to see Joseph, his wife and his sons and stayed with them in Egypt.

**Message: Though there is suffering for those who love God, everything that happens turns out to be a blessing.**

പ്രവർത്തനം Activity

ധാന്യചാക്കിൽ യോസേഫിന്റെ സഹോദരന്മാരുടെ പേരെഴുതുക

Write the name of Joseph's brothers on each bag





**ടീച്ചറുടെസഹായത്തോടെ**

## With the help of your teacher

1. യോസേഫിന് ഒരു സഹോദരിയുണ്ടായിരുന്നു, ബൈബിളിൽ നിന്നും കണ്ടുപിടിക്കാമോ

   Find out the sister of Joseph from the Bible

   ദ............................ D.........................

2. സഹോദരന്മാർ ആദ്യം ധാന്യം വാങ്ങിപ്പോയപ്പോൾ ചാക്കിനകത്ത് ഒരു സംഭവം ഉണ്ടായി, കണ്ടുപിടിക്കുക

   When the brothers went back the first time after buying grains,  somtheing happened in their bags. Find out ?






### ഉത്തരമെഴുതുക

1. യോസേഫിന്റെ സഹോദരന്മാർ മിസ്രയിമിലേക്ക് ധാന്യത്തിനായി വന്നത് എന്തുകൊണ്ട്?
   Why did Joseph's brothers come to Egypt for grains?

2. മിസ്രയിമിൽ ധാന്യം വിൽക്കുന്നത് ആരായിരുന്നു?
   Who sold grains in Egypt?

3. യോസേഫ് സഹോദരന്മാരോട് എങ്ങനെ പെരുമാറി?
   How did Joseph behave with his brothers?